(ബി) പ്രസ്തുത ജലസംഭരണി നിർമ്മിക്കുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ഉപയോഗാനുമതി ലഭ്യമാക്കുന്നതിന് കാലതാമസം നേരിട്ടതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; ആയത് അടിയന്തരമായി പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

1986-ലെ വാട്ടർ സപ്ലൈ ആൻഡ് സീവറേജ് ആക്ട് പ്രകാരം ഓരോ വാട്ടർ കണക്ഷനും മിനിമം വില ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 6-7-2020-ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിക്കുകയും വിനിയോഗാനുമതി ലഭ്യമാകുന്ന മുറയ്ക്ക് കോളേജിന് ഒരു നിശ്ചിത അളവ് ജലം സൗജന്യമായി നൽകുന്നത് പരിഗണിക്കുവാനും കോളേജിന്റെ വികസനത്തെ ബാധിക്കാത്ത രീതിയിൽ സംഭരണി നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേന പ്രൊപ്പോസൽ സമർപ്പിക്കുവാനും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് 16-11-2020-ന് നിർദ്ദേശം നൽകിയിരുന്നു. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ ചൊക്ലി കോളേജ് വഴി കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

### ചങ്ങനാശ്ശേരി മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേനയുള്ള പ്രവൃത്തികൾ

212(518) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ജലവിഭവ വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയതും അനുവദിച്ചതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

(എ&ബി) മുൻസർക്കാരിന്റെ കാലത്ത് ജലസേചന വകുപ്പ് മുഖേന ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയതും അനുവദിച്ചതുമായ പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും കേരള ജലഅതോറിറ്റി മുഖേനയുള്ള പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി* ചേർത്തിരിക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി കുറിച്ചി ഗ്രാമപഞ്ചായത്തിൽ 17 ഗുണഭോക്തൃ സമിതി സ്കീമുകളിലൂടെ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

1485 കുടുംബങ്ങൾക്കും മാടപ്പള്ളി ഗ്രാമപഞ്ചായത്തിൽ 16 സ്കീമുകളിലൂടെ 1328 കുടുംബങ്ങൾക്കും ജലവിതരണം നടത്തുന്ന പദ്ധതികൾ പൂർത്തിയാക്കി. നിലവിലുള്ള പദ്ധതികളുടെ പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾക്കുവേണ്ടി സംസ്ഥാന സർക്കാർ ആരംഭിച്ച സുസ്ഥിരത പദ്ധതിയിൽ ഉൾപ്പെടുത്തി 2019-20 സാമ്പത്തിക വർഷം 13 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ ഭാഗമായി പ്രവർത്തിക്കുന്ന മഴകേന്ദ്രത്തിന്റെ നേതൃത്വത്തിൽ സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മഴവെള്ള സംഭരണം ഭൂജല പരിപോഷണം പദ്ധതി ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന തൃക്കൊടിത്താനം ഗ്രാമ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന 175 വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുവാൻ സഹായകരമായ മഴവെള്ള സംഭരണികൾ പങ്കാളിത്താധിഷ്ഠിത മാതൃകയിൽ 2017-18 കാലഘട്ടത്തിൽ നടപ്പിലാക്കി. പദ്ധതിയുടെ ഭാഗമായി 108.58 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, വാഴപ്പള്ളി ഗ്രാമ പഞ്ചായത്തിലെ 160 വ്യക്തിഗത കുടുംബങ്ങളിലെ കിണറുകൾ മഴവെള്ളം ശേഖരിച്ച് റീചാർജ് ചെയ്യുന്ന പ്രവൃത്തിയും ആയതിൽ അർഹരായിട്ടുള്ള 50% കുടുംബങ്ങളിലെ കിണർ റീചാർജിംഗ് ഉൾപ്പെടെ കിണറിന്റെ പരിപാലനം, ശുചിത്വം ഉറപ്പാക്കുകയും, അത്യാവശ്യ ഘട്ടങ്ങളിൽ ഏറ്റവും അർഹരായിട്ടുള്ള 10% കുടുംബങ്ങൾക്ക് മോട്ടോർ സ്ഥാപിച്ച് കുടിവെള്ളം ഉറപ്പാക്കുകയും ചെയ്യുന്നു. പദ്ധതിയുടെ അടങ്കൽ തുക 36.32 ലക്ഷം രൂപയാണ്. പദ്ധതിക്കായി 2021 ഫെബ്രുവരിയിൽ ടെണ്ടർ ക്ഷണിച്ചിരുന്നെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ആയതിനാൽ 2021 മേയ് 27-ന് റീ ടെണ്ടർ ക്ഷണിക്കുകയും തുടർ നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു. കൂടാതെ ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരങ്ങളും ഉത്തരവിന്റെ പകർപ്പുകളും അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.

**കുന്നുമ്മൽ കുടിവെള്ള പദ്ധതി**

213(519) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ കുന്നുമ്മൽ കുടിവെള്ള പദ്ധതി ഏതുഘട്ടത്തിൽ ആണെന്ന് അറിയിക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly